# Ministers' Children's Fellowship

*(A department under the Malayalam District Council of the SIAG)*

A.G. Office, Post Box No:53, Punalur,691 305, Kollam, Kerala, India.

E-mail: mcfagmdc@gmail.com, WhatsApp: +91 7907772911


## MCF ന്റെ 2023-24 വർഷത്തെ വിവിധ പദ്ധതികൾക്കായുള്ള പോളിസികൾ :

### 1. പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായത്തിന്റെ മാനദണ്ഡങ്ങൾ

- അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിലിന്റെ കീഴിൽ 5 വർഷത്തിൽ കുറയാതെ സഭാശുശ്രൂഷ ചെയ്ത / ചെയ്യുന്ന പാസ്റ്റർമാരുടെ മക്കൾ ആയിരിക്കണം.
- പിതാവിന് ഇപ്പോൾ ശുശ്രൂഷിക്കുന്ന സഭയിൽ നിന്നും 10,000 രൂപയോ അതിൽ താഴെയോ ഉള്ള വരുമാനം ആയിരിക്കണം.
- ഒരു ഭവനത്തിൽ നിന്നും ഒരു കുട്ടിക്കായിരിക്കും പരിഗണന.
- രണ്ടിലധികം സ്കൂൾകുട്ടികൾ ഉള്ള ശുശ്രൂഷകരുടെ ഭവനങ്ങൾക്ക് മുൻഗണന.

### 2. ഉപരിപഠന വിദ്യാഭ്യാസ സഹായത്തിന്റെ മാനദണ്ഡങ്ങൾ

- അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിലിന്റെ കീഴിൽ 10 വർഷത്തിൽ കുറയാതെ സഭാശുശ്രൂഷ ചെയ്ത / ചെയ്യുന്ന പാസ്റ്റർമാരുടെ മക്കൾ ആയിരിക്കണം.
- പിതാവിന് ഇപ്പോൾ ശുശ്രൂഷിക്കുന്ന സഭയിൽ നിന്നും 20,000 രൂപയോ അതിൽ താഴെയോ ഉള്ള വരുമാനം ആയിരിക്കണം.
- ഇന്ത്യയ്ക്കകത്തുള്ള ഏതെങ്കിലും സ്ഥാപനങ്ങളിൽ പഠിക്കുന്നവർ ആയിരിക്കണം.

### 3. വിവാഹ സഹായത്തിന്റെ മാനദണ്ഡങ്ങൾ

- അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിലിന്റെ കീഴിൽ 15 വർഷത്തിൽ കുറയാതെ സഭാശുശ്രൂഷ ചെയ്ത / ചെയ്യുന്ന പാസ്റ്റർമാരുടെ മക്കൾ ആയിരിക്കണം.
- പിതാവിന് ഇപ്പോൾ ശുശ്രൂഷിക്കുന്ന സഭയിൽ നിന്നും 20,000 രൂപയോ അതിൽ താഴെയോ ഉള്ള വരുമാനം ആയിരിക്കണം.
- വിദേശത്ത് ജോലി ചെയ്യുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.

### 4. പൊതുവായ മാനദണ്ഡങ്ങൾ

- ഒരു ശുശ്രൂഷകന്റെ കുടുംബത്തിൽ നിന്നും MCF ന്റെ ഏതെങ്കിലും ഒരു പദ്ധതിയിലേക്ക് മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ.
- മാതാവോ പിതാവോ മരിച്ചുപോയവരുടെ അപേക്ഷകൾക്ക് മുൻഗണന നൽകും.
- കുടുംബത്തിന്റെ സാമ്പത്തിക നില അനുസരിച്ചായിരിക്കും അപേക്ഷകൾ പരിഗണിക്കുക.
- എല്ലാ അപേക്ഷകളും അതാത് സെക്ഷൻ പ്രസ്ബിറ്റർമാരുടെ ശുപാർശയും, അവശ്യ / അനുബന്ധ രേഖകളും ചേർത്ത് സമർപ്പിക്കേണ്ടതാണ്.
- ഫണ്ടുകളുടെ ലഭ്യത അനുസരിച്ചായിരിക്കും അവ വിതരണം ചെയ്യുന്നത്. നമ്മുടെ ഔദ്യോഗിക ഡിസ്ട്രിക്ട് /MCF അക്കൗണ്ടിൽ നിന്നും മാത്രമേ ഫണ്ട് വിതരണം ചെയ്യുകയുള്ളൂ.
- സോഷ്യൽ മീഡിയയിൽ ഒരു അപേക്ഷയും പോസ്റ്റ് ചെയ്യാൻ പാടില്ല. പൂരിപ്പിച്ച ഫോമുകൾ 20 മാർച്ച് 2024 ന് മുമ്പ് പുനലൂർ ഡിസ്ട്രിക്ട് ഓഫീസിൽ എത്തിക്കുകയും, ആ വിവരം MCF ചെയർമാനെയോ (7907338935) സെക്രട്ടറിയെയോ (9740194671) അറിയിക്കാവുന്നതുമാണ്.
- അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിലിന്റെ കീഴിൽ ശുശ്രൂഷിക്കുന്നതോ, ശുശ്രൂഷ തികയ്ക്കുകയോ ചെയ്ത ദൈവദാസന്മാരുടെ മക്കൾക്ക് വേണ്ടി മാത്രമാണ് MCF ലൂടെ നടത്തുന്ന ഈ പദ്ധതികൾ.
- എല്ലാ കാര്യങ്ങളും വ്യക്തമായി പൂരിപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.